പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2188 | 13.06.2019 ൽ മറുപടിയ്ക്ക്

## റേഷൻ വാതിൽപ്പടി വിതരണ കരാർ ഏറ്റെടുത്തവർ

ചോദ്യം
ശ്രീ.സി.മമ്മൂട്ടി
ഡോ.എം. കെ. മുനീർ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ എത്തിക്കാനുള്ള വാതിൽപ്പടി വിതരണ കരാറുകൾ ബിനാമിപ്പേരിൽ ഒരാൾ തന്നെ പലയിടങ്ങളിൽ ഏറ്റെടുക്കുന്നതായി പരാതി ലഭിച്ചിരുന്നോ; വിശദീകരിക്കുമോ; | (എ) | പരാതി ലഭിച്ചിരുന്നു. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, മുകുന്ദപുരം, ചാവക്കാട്, തലപ്പിള്ളി, തൃശ്ശൂർ, കൊടുങ്ങല്ലൂർ താലൂക്കുകളിലും പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലും വാതിൽപ്പടി വിതരണത്തിനുള്ള ട്രാൻസ്പോർട്ടേഷൻ കോൺട്രാക്ടിനുള്ള ടെണ്ടറിൽ പങ്കെടുത്ത ചിലർ സഖ്യമുണ്ടാക്കി ടെണ്ടർ അന്യായമായി കൈവശപ്പെടുത്താൻ ശ്രമിക്കുന്നുവെന്ന് ആരോപിച്ച് ശ്രീ.ജിസോ ജോർജ്ജിന്റെ പരാതി ലഭിച്ചിരുന്നു. |
| (ബി) | ഇക്കാര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | അന്വേഷണം നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, മുകുന്ദപുരം, ചാവക്കാട്, തലപ്പിള്ളി, തൃശ്ശൂർ, കൊടുങ്ങല്ലൂർ താലൂക്കുകളിലും പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലും ടെണ്ടറിൽ പങ്കെടുത്ത ശ്രീ.കെ.ബി.അനിൽ കുമാർ, ശ്രീ.സിസിൽ ആന്റണി, ശ്രീ.ജെയിംസ്.സി.സെബാസ്റ്റ്യൻ എന്നിവർ ടെണ്ടറിൽ ഒരേ വാഹനങ്ങളുടെ നമ്പർ രേഖപ്പെടുത്തിയതിൽ നിന്നും ഒരേ അക്കൗണ്ടിൽ നിന്നും നിരത ദ്രവ്യം അടച്ചതിൽ നിന്നും ഒരേ സ്ഥാപനത്തിൽ നിന്നും നിരക്കുകൾ രേഖപ്പെടുത്തിയതിൽ നിന്നും 3 പേരുടെയും അപേക്ഷകളിലെ കൈപ്പട ഒന്നായതിനാലും ടെണ്ടർ കൈവശപ്പെടുത്തുന്നതിന് ഇവർ സഖ്യമുണ്ടാക്കിയതായി സംശയിക്കേണ്ടിയിരിക്കുന്നുവെന്നും ടെണ്ടറിൽ നിരക്കുകൾ പരസ്പരം അറിഞ്ഞുകൊണ്ട് രേഖപ്പെടുത്തിയതാണെന്ന് അനുമാനിക്കാമെന്നും ഇവർ സ്വന്തം നിലയിൽ ടെണ്ടറിൽ പങ്കെടുത്തവരല്ലെന്ന് കരുതേണ്ടിയിരിക്കുന്നുവെന്നും ചൂണ്ടിക്കാട്ടി സപ്ലൈകോ വിജിലൻസ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ താലൂക്കുകളിലെ ഇ-ടെണ്ടർ റദ്ദ് ചെയ്ത് റീ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വാതിൽപ്പടി വിതരണ കരാർ ഏറ്റെടുത്തവരുടെ വീഴ്ച മൂലം റേഷൻ വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ടോ;വിശദീകരിക്കുമോ; | (സി) | ഇല്ല. |
| (ഡി) | കരാർ ലംഘനം നടത്തിയ വിതരണക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | തൊടുപുഴ ഡിപ്പോയ്ക്ക് കീഴിലെ PDS ഗോഡൗണിലെ 2017-18 കാലയളവിലെ കടത്ത് കരാറുകാരനായിരുന്ന ശ്രീ.ഫഹദ് ബിൻ ഫിറോസും തിരൂർ താലൂക്കിലെ വാതിൽപ്പടി വിതരണ കരാറുകാരനായിരുന്ന ശ്രീ.മുഹമ്മദ് ഫൈസലും കരാർ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയതിനാൽ ഇവരുമായുള്ള കരാർ റദ്ദ് ചെയ്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ